**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5722** **08-11-2021 - ൽ മറുപടിയ്ക്ക്**

**നാഷണൽ സേവിങ്സിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാഷണൽ സേവിങ്സിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | സ്വീകരിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലം വളർത്തുവാനും ബാങ്കിംഗ് പ്രവർത്തനം സംബന്ധിച്ച അവബോധം സൃഷ്ടിക്കുവാനും ഉദ്ദേശിച്ച് കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വന്നിരുന്ന സഞ്ചയികാപദ്ധതി 01.10.2016 തീയതി പ്രാബല്യത്തിൽ കേന്ദ്ര ധനകാര്യ (സാമ്പത്തികകാര്യ) മന്ത്രാലയത്തിന്റെ 09.09.2016-ലെ F.No.01/04/15-NS കത്ത് മുഖേന നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാന ട്രഷറി വകുപ്പുമായി സഹകരിച്ച് സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ 28.09.2016 തീയതിയിലെ സ.ഉ.(സാധാ) നം.7833/16/ധന. നമ്പർ സർക്കാർ ഉത്തരവ് മുഖേന ആരംഭിച്ചിരുന്നു. ടി പദ്ധതിയിൽ നിലവിൽ കോളേജ് വിദ്യാർത്ഥകൾക്ക് അംഗമാകാൻ സാധിക്കുന്നതല്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ ടി പദ്ധതിയുടെ പ്രവർത്തനം മന്ദീഭവിച്ച അവസ്ഥയിലാണ്. കോവിഡിന്റെ തീവ്രത കുറഞ്ഞ് വിദ്യാഭ്യാസ രംഗം സാധാരണ പടിയാകുന്ന മുറയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകി ടി പദ്ധതി സ്കൂൾ തലത്തിൽ വിപുലീകരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കോളേജ് വിദ്യാർത്ഥികളെ സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | നാഷണൽ സേവിങ്സിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | നാഷണൽ സേവിംഗ്സ് പദ്ധതികൾ കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് പോസ്റ്റോഫീസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളാകയാൽ നാഷണൽ സേവിംഗ്സ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. കേന്ദ്രസർക്കാർ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന പക്ഷം ടി പദ്ധതി പരിപോഷിപ്പിക്കുന്നതിനായി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തുന്നതോടൊപ്പം പരസ്യ പ്രചരണങ്ങളും വിപണന തന്ത്രങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ